## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2751** — **06.11.2019-ൽ മറുപടിയ്ക്ക്.**

## പാലും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം

### ചോദ്യം

**പ്രൊഫ.കെ.യു. അരുണൻ**

അന്യസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്ത് വരുന്ന പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പ് വരുത്താൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

**ശ്രീ.കെ രാജു**
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

അതിർത്തി ചെക്കുപോസ്റ്റുകളായ മീനാക്ഷിപുരം (പാലക്കാട്) ആര്യങ്കാവ് (കൊല്ലം) എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന ചെക്ക് പോസ്റ്റുകൾ സജ്ജമാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കി മാത്രമേ സംസ്ഥാനത്തേയ്ക്ക് പാൽ കടത്തി വിടുകയുള്ളൂ. കൂടാതെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ ലാബുകളിൽ വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്.

ഗുണനിലവാര പരിശോധനയിൽ നിശ്ചിത ഗുണനിലവാരമില്ലാത്തതോ മറ്റു മായങ്ങൾ കലർത്തിയതോ ആയ പാൽ സാമ്പിളുകൾ കണ്ടെത്തിയാൽ ടി വിവരം നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിനെ അറിയിക്കുകയാണ് ചെയ്യുന്നത്.

കൂടാതെ വിപണിയിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് അനലറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും ചെക്ക്പോസ്റ്റുകളിൽ പരിശോധനകൾ നടത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**